കയറുമതികാട്ടാ മറിച്ചുനൽകി എന്ന പരാതി

* 253 [274] ശ്രീ. ഇ. പത്മനാഭൻ :
,, ഒ. ഭരതൻ :
,, വി. കേശവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കൈത്തറി വികസന കോർപ്പറേഷൻ അനുവദിച്ചുകിട്ടിയ കയറുമതികാട്ടാ ചില സ്വകാര്യ കുത്തകക്കാർക്ക് മറിച്ചുനൽകി എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഇങ്ങനെ കയറുമതികാട്ടാ സ്വകാര്യവ്യക്തികൾക്ക് മറിച്ചു നൽകിയതിന്റെ ഫലമായി കോർപ്പറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഏതെല്ലാം സ്വകാര്യസ്ഥാപനങ്ങൾക്കാണ് ഈ രീതിയിൽ കയറുമതികാട്ടാ മറിച്ചുനൽകിയിട്ടുള്ളത് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി, സി) കൈത്തറിവികസനകോർപ്പറേഷനിലെ കയറുമതിയെ സംബന്ധിച്ച് ചില ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന വിജിലൻസ്വകുപ്പ് അന്വേഷണം നടത്തി വരുന്നു.

സ്പോർട്സ് ആക്റ്റ്

* 254 [275] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി ഒരു സ്പോർട്സ് ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി നൂറുദ്ദീൻ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള സ്പോർട്സ് കൗൺസിലിനെ ഒരു സ്പോർട്സ് അതോറിറ്റിയായി രൂപാന്തരപ്പെടുത്തി സംസ്ഥാനത്തെ എല്ലാ കായിക വികസന പ്രവർത്തനങ്ങളും ഈ അതോറിറ്റിയുടെ പരിധിക്കുള്ളിൽ കൊണ്ടുവരുകയും വിവിധ കായിക സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയുമാണ് ഈ ബില്ലുകൊണ്ടു പ്രധാനമായി ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly